# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4879** 26.06.2019 -ലെ മറുപടിയ്ക്ക്

## എം.ജി. സർവ്വകലാശാലയിൽ ഉത്തര കടലാസുകൾ കാണാതായ സംഭവം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | **ഡോ.കെ.ടി.ജലീൽ**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | എം.ജി.സർവ്വകലാശാലയിൽ വിദ്യാർത്ഥികളുടെ ഉത്തര കടലാസുകൾ കാണാതായ സംഭവം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏത് പരീക്ഷയുടെ ഉത്തര കടലാസുകൾ ആണ് കാണാതായതെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്; അഞ്ചാം സെമസ്റ്റർ ബിരുദ പരീക്ഷയുടെ (പ്രൈവറ്റ്) സോഷ്യോളജി വിഷയത്തിന്റെ 100 പേപ്പറുകളും മൂന്നാം സെമസ്റ്റർ ബി.എസ്.സി ബയോടെക്നോളജിയുടെ 29 ഉത്തരക്കടലാസുകളും കാണാതായിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എപ്രകാരമാണ് ഉത്തര കടലാസുകൾ നഷ്ടപ്പെട്ടതെന്ന് വ്യക്തമാക്കുമോ; | (ബി) | ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. രണ്ട് പരീക്ഷകളുടെയും ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്താൻ ഏൽപ്പിച്ചിരുന്ന അദ്ധ്യാപികമാരുടെ പക്കൽ നിന്നുമാണ് നഷ്ടമായത്. |
| (സി) | പ്രസ്തുത പരീക്ഷയെഴുതിയ വിദ്യാർത്ഥികൾക്ക് ഉണ്ടായ ബുദ്ധിമുട്ട് എപ്രകാരം പരിഹരിക്കുന്നതിനാണ് സർവ്വകലാശാല തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (സി) | മൂന്നാം സെമസ്റ്റർ ബി.എസ്.സി ബയോടെക്നോളജിയുടെ ഉത്തരക്കടലാസുകൾ തിരിച്ചുകിട്ടിയിരുന്നതുകൊണ്ട് ആ പരീക്ഷ എഴുതിയ കുട്ടികളുടെ പരീക്ഷാഫലം യഥാസമയം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അഞ്ചാം സെമസ്റ്റർ സോഷ്യോളജിയുടെ ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ടുപോയ വിദ്യാർത്ഥികൾക്കായി സർവ്വകലാശാല പ്രത്യേകമായി പരീക്ഷ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.